# ഗ്രേറ്റ് ബ്രിട്ടൺ സീറോമലബാർ രൂപത

**ഇടയലേഖനം 11**

**ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോമലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ രൂപതയിലെ വൈദികർക്കും സന്യാസിനി-സന്യാസികൾക്കും വിശ്വാസികൾക്കും എഴുതുന്നത്**

# വിശ്വാസത്തിന്റെ വിളവെടുപ്പുകാലം

മിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരെ, സന്യസ്തരെ, സഹോദരീസഹോദരന്മാരെ,

കർമ്മലമാതാവിന്റെ തിരുനാൾദിനമായ ജൂലൈ 16 (2016)നാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഗ്രേറ്റ് ബ്രിട്ടൺ സീറോമലബാർ രൂപത സ്ഥാപിക്കുകയും അതിന്റെ പ്രഥമ മെത്രാനായി എന്നെ നിയമിക്കുകയും ചെയ്തത്. രൂപതയുടെ 4-ാം വാർഷികദിനമായ ഇന്ന്, കർമ്മലനാഥയുടെ സംരക്ഷണയ്ക്കും മധ്യസ്ഥതയ്ക്കും ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ട് വിശ്വാസികളുടെ സമൂഹത്തിന് എഴുതുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്.

വിശ്വാസത്തിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ ജീവിതം നയിച്ച്, സഭയെ സമ്പന്നയാക്കുവാൻ അനുഗ്രഹിക്കണമേ എന്ന് ആരാധനക്രമവത്സരത്തിലെ വിളവെടുപ്പുകാലമായ **കൈത്താ** (വേനൽ) കാലത്ത് നമ്മൾ പ്രാർത്ഥിക്കുന്നു. സഭ വളരുന്നത്, ഈ ലോകത്തിൽ മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്ന വ്യക്തികളുടെ ജീവിതത്തിലൂടെയാണ്. നമ്മുടെ വിശ്വാസജീവിതത്തെ ആത്മശോധനചെയ്ത്, മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണത്തിലൂടെ ഫലം ചൂടാൻ തിരുസഭ നമ്മെ ആഹ്വാനം ചെയ്യുന്നു.

പാറമേൽ പണിതതും (ലൂക്ക. 6:48) യഥാകാലം ഫലം ചൂടുന്നതും (മത്താ. 21:41) ആയ വിശ്വാസജീവിതമാണ് ഈശോ നമ്മിൽനിന്നും പ്രതീക്ഷിക്കുന്നത്. 'വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ല' (ഹെബ്രാ. 11:6). 'വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതെല്ലാം പാപമായിരിക്കും' (റോമ. 14:23). 'വിശ്വസിച്ചവൾ അനുഗ്രഹീതയാകുന്നു' (ലൂക്ക. 1:45) എന്നാണ് വിശ്വാസത്തിന്റെ ആൾരൂപമായ മറിയത്തെ വചനം വിശേഷിപ്പിക്കുന്നത്. വിശ്വസിച്ചവർക്കെല്ലാം, ശുശ്രൂഷ ചെയ്യാനുള്ള ഒരു തിടുക്കം ഉണ്ടാകും.

കോവിഡിന്റെ ഈ കാലഘട്ടത്തിൽ, അചഞ്ചലമായ വിശ്വാസജീവിതത്തിന്റെ സമർപ്പണമായിരുന്നു വിശ്വാസികൾ പ്രത്യേകിച്ച്, ആതുരശുശ്രൂഷാ മേഖലയിൽ പ്രവർത്തിക്കുന്നവർ ചെയ്തത്. പരാതിയും പരിഭവവും കൂടാതെ, പകർന്നുകിട്ടിയ വിശ്വാസം, ജീവനെപോലും അപകടപ്പെടുത്തുന്ന പ്രതിസന്ധികളിൽ, പങ്കുവയ്ക്കാൻ നിങ്ങൾക്കു സാധിച്ചു എന്നതിൽ നിങ്ങളെ അഭിനന്ദിക്കുന്നതോടൊപ്പം നിങ്ങളെ ഓർത്ത് ഞാൻ ദൈവത്തിന് നന്ദിപറയുന്നു. ദൈവാലയങ്ങൾ അടഞ്ഞുകിടന്നപ്പോൾ, കുടുംബങ്ങളെ ദൈവാലയ സമാനമാക്കി വചനപാരായണത്തിലും വചനശ്രവണത്തിലും യാമപ്രാർത്ഥനകളിലും ജപമാലയിലുമൊക്കെ തീക്ഷ്ണമായി നിങ്ങൾ വിശ്വാസം ജീവിച്ചു, കൂട്ടായ്മ വർധിപ്പിച്ചു എന്നെനിക്ക് ഉറപ്പുണ്ട്. നമ്മുടെ രൂപതയിൽനിന്നും സംപ്രേഷണം ചെയ്ത ഓൺലൈൻ പ്രാർത്ഥനാ ശുശ്രൂഷകൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ നിങ്ങൾക്ക് കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. സമീപകാലങ്ങളിൽ ദൈവാലയങ്ങൾ തുറക്കപ്പെടുമ്പോൾ, സഭാ മക്കളെന്ന നിലയിൽ വർധിച്ച തീക്ഷ്ണതയോടെ വിശുദ്ധ കുർബാനയിലും കൂദാശകളിലും മറ്റ് ശുശ്രൂഷകളിലും പങ്കെടുക്കാൻ റൂഹാദ്ക്കുദ്ശാ നിങ്ങളെ അനുഗ്രഹിക്കട്ടെ.

വിശ്വാസം ദൈവികപുണ്യമാണ്. സുവിശേഷത്തിന്റെ രൂപാന്തരപ്പെടുത്തുന്ന കൃപയാൽ രൂപപ്പെടുവാൻ ഹൃദയം വിട്ടുകൊടുക്കുമ്പോൾ അത് ദൈവത്തോടുള്ള മനുഷ്യന്റെ ഒട്ടിച്ചേരലാണ്. (ccc 150). 'കർത്താവിനോട് ചേരുന്നവൻ അവിടുത്തോടുകൂടി ഒരു ആത്മാവായിത്തീരുന്നു' (1 കൊറി. 6:17). 'മനുഷ്യനെ ആശ്രയിക്കുകയും ശരീരശക്തിയെ അവലംബമാക്കുകയും ചെയ്ത് കർത്താവിൽനിന്ന് ഹൃദയം തിരിക്കുന്നവൻ ശപ്തൻ' (ജെറ. 17:5) എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ മുഖാമുഖം കാണുന്ന സ്വർഗീയാനുഭവത്തിന്റെയും നിത്യജീവിതത്തിന്റെയും ഈ ലോകജീവിതത്തിലെ പ്രകാശപൂർണമായ മുന്നാസ്വാദനമാണ് വിശ്വാസം (ccc 163). 'വിശ്വാസം പരമോന്നത നന്മയും മറ്റെല്ലാ പുണ്യങ്ങളുടെയും ആരംഭവുമാണ് (ലെയൊ XIII).

മിശിഹായുടെ ശിഷ്യൻ വിശ്വാസം സൂക്ഷിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്താൽപോരാ, അതേറ്റുപറയുകയും ഉറപ്പോടെ അതിന് സാക്ഷ്യംവഹിക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്യണമെന്ന് സഭ പഠിപ്പിക്കുന്നു. മനുഷ്യരുടെ മുമ്പിൽ മിശിഹായെ ഏറ്റുപറയാനും സഭയ്ക്കു നിരന്തരമുണ്ടാകുന്ന പീഡനങ്ങളുടെ മധ്യേ കുരിശിന്റെ പാതയിൽ അവിടുത്തെ പിന്തുടരാനും എല്ലാവരും സന്നദ്ധരായിരിക്കണം (ccc 2471). ലോകത്തിന്റെ പാപപരിഹാരാർത്ഥം സ്വയം ബലിയർപ്പിച്ച ഈശോയോടും വിശുദ്ധരോടും വേദസാക്ഷികളോടുമൊത്ത് പാപങ്ങൾക്ക് പരിഹാരമനുഷ്ഠിക്കാൻ നമ്മൾ ശക്തരാകണം. മിശിഹായുടെ സുവിശേഷത്തിന് ഒരു പ്രതിബന്ധവും ഉണ്ടാകാതിരിക്കാൻ എല്ലാം സഹിച്ച (1 കൊറി. 9:12) പൗലോസ് ശ്ലീഹായെ നമുക്ക് അനുകരിക്കാം. സുവിശേഷത്തിൽ ഭാഗഭാക്കാകുന്നതിനായി സുവിശേഷത്തിനുവേണ്ടിയാണ് (1 കൊറി. 9:23) അദ്ദേഹം സഹിച്ചത്. മറ്റുള്ളവരോട് സുവിശേഷം പ്രസംഗിച്ച പൗലോസ് അയോഗ്യനാകാതിരിക്കാനായി തന്റെ ശരീരത്തെ കർശനമായി നിയന്ത്രിച്ചു കീഴടക്കി (1 കൊറി. 9:27). സുഖാനുഭവങ്ങളിൽ മുഴുകിയിരുക്കുന്നവർ ജീവിച്ചിരിക്കുമ്പോൾതന്നെ മരിച്ചവരെപ്പോലെയാണ് (1 തിമ. 5:6). സുഖഭോഗങ്ങളിൽ മുഴുകുമ്പോൾ നമ്മൾ മിശിഹായ്ക്കും സുവിശേഷത്തിനും വിരുദ്ധമായിട്ടാണ് ജീവിക്കുന്നത്. ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴിയാണ് മിശിഹായെ പ്രസാദിപ്പിക്കേണ്ടത്.

'ഞങ്ങളുടെ വിശ്വാസം വർധിപ്പിക്കണമേ' (ലൂക്കാ. 17:5) എന്ന് പ്രാർത്ഥിക്കുകയും അതിനുവേണ്ടി തീവ്രമായി പ്രവർത്തിക്കുകയും ചെയ്യേണ്ട സമയമാണിത്. അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് പഠിപ്പിക്കുന്നു 'മാമ്മോദീസ നിങ്ങൾക്ക് പരിചയും വിശ്വാസം നിങ്ങൾക്ക് കവചവുമായിരിക്കട്ടെ'. 'രക്ഷയിലേക്കുള്ള ആദ്യചലനം വിശ്വാസമാണ്; വിശ്വാസത്തെതുടർന്ന് പ്രത്യാശയും പശ്ചാത്താപവും' എന്ന് അലക്സാണ്ട്രിയായിലെ വി. ക്ലമന്റും പഠിപ്പിക്കുന്നു. അതിനാൽ സ്നാപകന്റെ വാക്കുകൾ നമ്മുടെ വിശ്വാസജീവിതത്തെ പുനർനിർമിക്കേണ്ടിയിരിക്കുന്നു. 'മാനസാന്തരത്തിന് യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ. ഞങ്ങൾക്ക് പിതാവായി അബ്രാഹമുണ്ട് എന്നുപറഞ്ഞ് നിങ്ങൾ അഭിമാനിക്കേണ്ട' (ലൂക്ക. 3:8). 'പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിക്കും' (ലൂക്ക. 13:3,5) എന്നും 'വിശ്വസിച്ച് ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടുമെന്നും വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടുമെന്നും (മാർക്കോ. 16:16) ഈശോ അരുളിചെയ്തിട്ടുണ്ട്.

ഈ ജീവിതത്തിനുവേണ്ടിമാത്രം മിശിഹായിൽ പ്രത്യാശവച്ചിരിക്കുന്ന നിർഭാഗ്യരല്ല വിശ്വാസികൾ (1 കൊറി. 15:19). പിന്നെയോ, നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ അനശ്വരമായ രാജ്യത്തേക്ക് അനായാസം പ്രവേശനം ലഭിച്ച നാം, 'നമ്മുടെ വിശ്വാസത്തെ സുകൃതംകൊണ്ടും സുകൃതത്തെ ജ്ഞാനംകൊണ്ടും ജ്ഞാനത്തെ ആത്മസംയമനംകൊണ്ടും ആത്മസംയമനത്തെ ക്ഷമകൊണ്ടും ക്ഷമയെ ഭക്തികൊണ്ടും ഭക്തിയെ സഹോദരസ്നേഹംകൊണ്ടും സഹോദരസ്നേഹത്തെ ഉപവികൊണ്ടും സമ്പൂർണമാക്കാൻ നന്നായി ഉത്സാഹിക്കേണ്ടിയിരിക്കുന്നു' (2 പത്രോ. 1:5-7). വിട്ടുവീഴ്ചയില്ലാത്ത സമ്പൂർണ്ണസമർപ്പണവും ഒരു കായികാഭ്യസിക്കടുത്ത പ്രയത്നവുമാണ് വിശ്വാസമാകുന്ന ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ നമുക്ക് ഉണ്ടാകേണ്ടത് (ലൂക്ക 13:24).

'പ്രേഷിതചൈതന്യമില്ലാത്ത വിശ്വാസം ഒരിക്കലും വിശ്വാസമല്ല. വിശ്വാസം നമ്മളിൽനിന്നും മറ്റുള്ളവരിലേക്ക് പ്രസരിക്കേണ്ട ചൈതന്യമാണ്' എന്നു ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ രൂപതയിലെ മാതാപിതാക്കളും യുവജനങ്ങളും കുട്ടികളും ധാരാളം ക്രിയാത്മകത (creativity) ഉള്ളവരാണ്. അവരുടെ ഈ കഴിവുകൾ, സാമൂഹ്യസമ്പർക്ക മാധ്യമങ്ങളിലൂടെ സുവിശേഷവത്കരണത്തിനായി ഉപയോഗിക്കേണ്ടതാണ്.

മുൻകൂട്ടിയുള്ള കുറേ അനുമാനങ്ങളല്ല (presumed presuppositions) വിശ്വാസമാനദണ്ഡം. പൗരാണികതയും സാമ്പത്തികഭദ്രതയും കുടുംബപാരമ്പര്യവും സാമൂഹികനിലവാരങ്ങളുമല്ല വിശ്വാസത്തിന് ആധാരം. 'മിശിഹായ്ക്ക് യോജ്യമല്ലാത്തതും എന്നാൽ മനുഷ്യന്റെ പാരമ്പര്യങ്ങൾക്കും ലോകശക്തികൾക്കും യോജ്യവുമായ തത്ത്വചിന്തയും വഞ്ചനയും വഴി ആരും നിങ്ങളുടെ ഹൃദയങ്ങളെ വശീകരിക്കാതിരിക്കട്ടെ' (കൊളോ. 2:8). മിശിഹാ നമുക്ക് നൽകിയിരിക്കുന്ന വാഗ്ദാനമായ നിത്യജീവന്റെ (1 യോഹ. 2:25) അവകാശികളായിത്തീരേണ്ട, ഈശോമിശിഹായിൽ വീണ്ടെടുക്കപ്പെട്ട, അവിടുത്തെ ശരീരമായ സഭയിൽ, വചനത്താലും വിശുദ്ധ കുർബാനയാലും പരിപോഷിക്കപ്പെടുന്ന ദൈവികവ്യക്തിത്വങ്ങളാണ് വിശ്വാസികൾ. ദൈവം വെറുക്കുന്നതും നിയമം വിലക്കുന്നതുമായ വിശാലവഴികളിലൂടെ നടന്ന് അന്ധകാരവും ശിക്ഷാവിധിയും നേടേണ്ടവരല്ല അവർ.

'ശരിയെന്ന് തോന്നുന്ന വഴികൾ ചിലപ്പോൾ മരണത്തിലേക്ക് നയിക്കുന്നതാവാം' (സുഭാ. 14:12). അതിനാൽ തിരിച്ചറിവുകൾ നമ്മിൽ ആഴപ്പെടേണ്ടിയിരിക്കുന്നു. സഹനങ്ങളിലും വ്യാധികളിലും തളരാനല്ല മറിച്ച്, 'ഈശോയേ നിന്നോടുള്ള സ്നേഹത്താൽ എരിയിച്ച് എന്നെ നിന്നിൽ ഒന്നാക്കണമേ' എന്ന് സഹനങ്ങളിൽ വിശ്വാസത്തോടെ പ്രാർത്ഥിച്ച നമ്മുടെ രൂപതയുടെ മധ്യസ്ഥകൂടിയായ അമലോത്ഭവയുടെ വിശുദ്ധ അൽഫോൻസാമ്മയുടെ മാധ്യസ്ഥ്യം, പ്രതിസന്ധിയിലായിരിക്കുന്ന എല്ലാവരെയും ശക്തിപ്പെടുത്തുകയും പ്രതീക്ഷയോടെ മുന്നോട്ടുപോകാൻ സഹായിക്കുകയും ചെയ്യട്ടെ.

'യഥാർത്ഥ വിശ്വാസം ദൈവത്തിന് തന്നെത്തന്നെ അർപ്പിക്കുന്നതോടൊപ്പം അവിടുത്തെ ശരീരമായ സഭയിലേക്കുള്ള പ്രവേശനവും നൽകുന്നു. *(വിശ്വാസത്തിന്റെ വാതിൽ 1)* സഭയിലൂടെ, സഭയുടെ ആരാധനയായ - വിശ്വസിക്കേണ്ടതും ആഘോഷിക്കേണ്ടതും ജീവിക്കേണ്ടതുമായ - വിശുദ്ധ കുർബാനയിലൂടെ, വചനവായനയിലൂടെ, വചനശ്രവണത്തിലൂടെ, കൂദാശകളിലൂടെ, യാമപ്രാർത്ഥനകളിലൂടെ, ജപമാലയിലൂടെ, പരസ്നേഹപ്രവൃത്തികളിലൂടെ നമ്മുടെ വിശ്വാസം കത്തിജ്വലിപ്പിക്കാൻ എല്ലാവരും സന്നദ്ധരാകണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു.

നമ്മുടെ കർത്താവ് ഈശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവം,

+ Joseph Srampickal

**മാർ ജോസഫ് സ്രാമ്പിക്കൽ,**

ഗ്രേറ്റ് ബ്രിട്ടൺ സീറോമലബാർ രൂപതാമെത്രാൻ

പ്രസ്റ്റൺ, 16.07.2020

N.B: 1. ഈ ഇടയലേഖനം ഗ്രേറ്റ് ബ്രിട്ടണിൽ സീറോമലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2020 ആഗസ്റ്റ് 31-നുമുമ്പ് വായിക്കേണ്ടതാണ്.

2. വിശ്വാസജീവിതത്തിലാഴപ്പെടുത്താനായി, പ്രഗത്ഭരായ വ്യക്തികളുടെ നേതൃത്വത്തിൽ, രൂപത സംഘടിപ്പിക്കുന്ന ഓൺലൈൻ പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ആഗസ്റ്റ് 31-നകം secretary@csmegb.org ഇ-മെയിലിൽ പേര് നൽകേണ്ടതാണ്.